VHSS

15 AUG
FRIDAY
2025

# വാർത്താവീഥി

A Little KITEs e Paper

Little KITEs

V.H.S.S VALANCHERY

## വിജയത്തിളക്കത്തിൽ വളാഞ്ചേരി ഹയർ സെക്കൻഡറി സ്കൂൾ




**വളാഞ്ചേരി:** വളാഞ്ചേരി ഹയർ സെക്കൻഡറി സ്കൂളിൽ എസ്.എസ്.എൽ.സി, യു.എസ്.എസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ അനുമോദിക്കാൻ വിജയോത്സവം സംഘടിപ്പിച്ചു.

വളാഞ്ചേരി മുനിസിപ്പൽ ചെയർപേഴ്സൺ അഷറഫ് അമ്പലത്തിങ്ങൽ ഉദ്ഘാടനം ചെയ്തു.വാർഡ് കൗൺസിലർ കെ.വി. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു.മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ റംല മുഹമ്മദ് സമ്മാനദാനം നിർവഹിച്ചു.

പി.ടി.എ.പ്രസിഡെന്റ് ഷംന ബീവി,സ്കൂൾ മാനേജർ വി.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. പ്രധാനാധ്യാപിക സി.ആർ.ശ്രീജ സ്വാഗതവും കെ.പ്രേംരാജ് നന്ദിയും പറഞ്ഞു.

## സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കമായി...

വളാഞ്ചേരി ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ, യുപി വിഭാഗം വിദ്യാർത്ഥികൾക്കായി ടാലന്റ് സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കമായി. ഒരു മാസം പഠിപ്പിച്ച പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ക്ലാസ് മത്സരവും തുടർന്ന് ക്ലാസ് തല വിജയികളെ ഉൾപ്പെടുത്തി പൊതുവിജ്ഞാനം, പത്രവാർത്തകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്കൂൾ തല മത്സരവും നടത്തിയാണ് സ്കോളർഷിപ്പിന് അർഹതപ്പെട്ട കുട്ടിയെ കണ്ടെത്തുന്നത്.ഓരോ മാസവും യുപി, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്ന് ഒരു കുട്ടിക്ക് വീതം സ്കോളർഷിപ്പ് തുക നൽകും. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനവും വിതരണം ചെയ്യും.

## QUESTIVAL THE FESTIVAL OF QUIZ



Questival The Festival of Quiz (june) winner കാർത്തിക് കൃഷ്ണക്ക് ട്രോഫിയും ക്യാഷ് അവാർഡും വാർഡ് കൗൺസിലർ ഉണ്ണികൃഷ്ണൻ നൽകുന്നു.



Questival The Festival of Quiz (june) winner മുഹമ്മദ് അബ്ഷിറിന് ട്രോഫിയും ക്യാഷ് അവാർഡും വളാഞ്ചേരി മുൻസിപ്പാലിറ്റി വിദ്യാഭ്യാസ സ്ഥിര സമിതി അധ്യക്ഷൻ മുജീബ് വാലാസി നൽകുന്നു.

# സൗജന്യ മെഗാ മൾട്ടി മെഡിക്കൽ ക്യാമ്പ് നടന്നു

**വളാഞ്ചേരി •** വളാഞ്ചേരി ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റും വളാഞ്ചേരി സി.എച്ച് മെമ്മോറിയൽ ഹോസ്പിറ്റലും സംയുക്തമായി പെരിന്തൽമണ്ണ എം.ഇ.എസ് മെഡിക്കൽ കോളേജുമായി സഹകരിച്ച് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ സൗജന്യ മെഗാ മൾട്ടി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. 14 ന് രാവിലെ ഒമ്പത് മുതൽ ഒരു മണി വരെ നടന്ന ക്യാമ്പിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, എല്ല് രോഗ വിഭാഗം, ശ്വാസകോശ വിഭാഗം, ത്വക്ക് രോഗം, ഇ.എൻ.ടി, നേത്രരോഗ വിഭാഗം, ഷുഗർ, കൊളസ്ട്രോൾ, പീഡിയാട്രിക്സ്, ദന്തരോഗ നിർണയം തുടങ്ങിയവയിൽ വിദഗ്ധ ഡോക്ടർമാർ രോഗികളെ പരിശോധിച്ചു. രക്ത സമ്മർദ്ദ പരിശോധന, ഇ.സി.ജി, പ്രമേഹം, തൈറോയിഡ് ,രക്ത ഗ്രൂപ്പ് നിർണയം എന്നിവ സൗജന്യമായി ക്യാമ്പിൽ വെച്ച് നടന്നു. ഗേൾസ് എച്ച്.എസ്.എസ്, വി.എച്ച്.എസ്.എസ് വിദ്യാർഥികൾ, അവരുടെ രക്ഷിതാക്കൾ എന്നിവർക്ക് പുറമേ നാട്ടുകാർക്ക് പരിശോധനക്കായി ക്യാമ്പിൽ അവസരം ഒരുക്കി. ക്യാമ്പിന്റെ ഉദ്ഘാടനം ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ നിർവ്വഹിച്ചു.

# എസ്.പി.സി വാർഷികം

**വളാഞ്ചേരി :** സംസ്ഥാനത്ത് സ്റ്റുഡൻറ് പൊലീസ് കേഡറ്റ് പദ്ധതി ആരംഭിച്ചതിന്റെ 15ാം വാർഷികം വളാഞ്ചേരി ഹൈസ്കൂൾ എസ്.പി.സി യൂണിറ്റ് വിവിധ പരിപാടികളോടെ ആഘോഷിച്ചു. വി.എച്ച്.എസ്.എസ് പ്രധാനാധ്യാപിക സി.ആർ. ശ്രീജ പതാക ഉയർത്തി.



ഗേൾസ് എച്ച്.എസ്.എസ് പ്രധാനാധ്യാപകൻ സുരേഷ് പുവാട്ടുമീത്തൽ എസ്.പി.സി യുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിച്ചു. സീനിയർ കേഡറ്റ് എൻ.പി. വൈഗ പ്രതിജ്ഞ ചൊല്ലികൊടുത്തു. സി.പി.ഒ കെ.ടി. സജിത്ത് സ്വാഗതം പറഞ്ഞു. തുടർന്ന് ക്വിസ് മത്സരവും സംഘടിപ്പിച്ചു.

# ലഹരിക്കെതിരെ പോരാടാം




അന്താരാഷ്ട്രലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വളാഞ്ചേരി ഹയർസെക്കൻഡറി സ്കൂൾ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പോസ്റ്റർ നിർമ്മാണം, പ്ലക്കാർഡ് നിർമ്മാണം എന്നീ മത്സരങ്ങൾ, ലഹരി വിരുദ്ധ റാലി, പ്രത്യേക അസംബ്ലി എന്നിവയും ഉണ്ടായിരുന്നു.

# വിജയഭേരി പഠനക്യാമ്പ്

പത്താംതരത്തിലുള്ള വിദ്യാർത്ഥികൾക്കായി നടത്തുന്ന വിജയഭേരി പഠന ക്യാമ്പ് ആരംഭിച്ചു.



വൈകുന്നേരം 4:00 മുതൽ 4:45 വരെയാണ് ക്ലാസുകൾ.

## ഇന്നത്തെ കാലാവസ്ഥ:

ഓഗസ്റ്റ് 15-ന് കേരളത്തിൽ മേഘാവൃതവും ഇടിയോടുകൂടിയ മഴയ്ക്കും സാധ്യതയുണ്ട്. ഉച്ചയിലും വൈകുന്നേരത്തിലും ശക്തമായ മഴ ലഭിക്കാം. പൊതു ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

# റീഡേഴ്സ് ക്ലബ് ഉദ്ഘാടനം ചെയ്തു



**വളാഞ്ചേരി :**ഹയർ സെക്കൻഡറി സ്കൂൾ,ഗേൾസ് എച്ച്.എസ്.എസ്. ലൈബ്രറി റീഡേഴ്സ് ക്ലബ് നടനം ഗ്രീൻ പാലിയേറ്റിവ് ജില്ലാ കോ ഓർഡിനേറ്ററുമായ ലത്തീഫ് കുറ്റിപ്പുറം ഉദ്ഘാടനം ചെയ്തു. വിദ്യാരംഗം കലാ സാഹിത്യവേദിക്കും തുടക്കമിട്ടു.ഗേൾസ് എച്ച്.എസ്.എസ്. പി.ടി.എ.പ്രസിഡന്റ് കെ.വി.കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു. മാനേജർ വി.ഗോപാലകൃഷ്ണൻ, പ്രധാനാധ്യാപകരായ സുരേഷ് പൂവാട്ടുമീത്തൽ, സി.ആർ.ശ്രീജ,വിദ്യാരംഗം കലാസാഹിത്യവേദി കൺവീനർ ടി.കെ.ശാന്തി , എം. ചിത്ര എന്നിവർ പ്രസംഗിച്ചു.

ANEES & NAZAL